LIBRARY ARCHIVES Kerala Legislative Assembly

മഴക്കെടുതിയിൽ കൊട്ടാരക്കര മണ്ഡലത്തിലെ നാശനഷ്ടം

156 (5241) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്തുണ്ടായ മഴക്കെടുതിയിൽ കൊട്ടാരക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടമുണ്ടായതെന്ന് വിശദമാക്കുമോ ;

(ബി) എത്ര തുകയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) നാശനഷ്ടമുണ്ടായവർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലാത്തപക്ഷം പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര മണ്ഡലത്തിലെ കൊട്ടാരക്കര, എഴുകോൺ, കലയപുരം, ഉമ്മന്നൂർ, മൈലം, നെടുവത്തൂർ, ഓടനാവട്ടം വില്ലേജുകളിൽ മഴക്കെടുതിയിൽ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) 3,71,750 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) തുക വിതരണം ചെയ്തിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായമാണ് അനുവദിക്കുന്നത്. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് നിബന്ധനകളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട്

157 (5242) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു ; സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത ഇനത്തിൽ സമാഹരിച്ച എത്ര തുകയുണ്ടായിരുന്നു ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ഇനത്തിൽ എത്ര തുക സമാഹരിച്ചുവെന്നും പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ എവിടെയെല്ലാം നടപ്പാക്കിയെന്നും വ്യക്തമാക്കാമോ ?